(ബി) ഇതിലേക്കായി കേന്ദ്ര സർക്കാരും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കും എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്താണെന്നും അതിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ് എന്നും വ്യക്തമാക്കുമോ;

(സി) റവന്യൂക്കമ്മിയും ധനക്കമ്മിയും കൂടിവരുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴത്തെ തോതിൽ ആണെങ്കിൽ 2006 ഏപ്രിൽ മാസത്തോടെ സംസ്ഥാനത്തിന്റെ റവന്യൂക്കമ്മിയും ധനക്കമ്മിയും എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും റവന്യൂ ചെലവുകൾ പരമാവധി ചുരുക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെലവു ചുരുക്കുന്നതിനായി ഇതിനകംതന്നെ പല ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുള്ള വിഹിതവും സഹായവും കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ പരിപാടിപ്രകാരം റവന്യൂക്കമ്മിയും ധനക്കമ്മിയും ക്രമേണ കുറച്ചുകൊണ്ട് 2005 ആകുമ്പോഴേക്കും റവന്യൂക്കമ്മി പൂർണ്ണമായും ഇല്ലാതാക്കുകയാണ് ലക്ഷ്യം.

(ബി) ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ പരിപാടിയുടെ രൂപരേഖപ്രകാരം അഞ്ചു വർഷംകൊണ്ട് റവന്യൂക്കമ്മി ഇല്ലാതാക്കാൻ സംസ്ഥാനം ഉദ്ദേശിക്കുന്നു. റവന്യൂക്കമ്മിയും ധനക്കമ്മിയും കുറയ്ക്കാൻ ഏഷ്യൻ വികസന ബാങ്കും, കേന്ദ്ര സർക്കാരും നിർദ്ദേശം സമർപ്പിച്ചിട്ടില്ല.

(സി) ഉണ്ട്. പലിശയിനത്തിലും, പെൻഷൻ ഇനത്തിലും നൽകേണ്ടിവന്ന അധിക ചെലവും കേന്ദ്ര സഹായമായി പ്രതീക്ഷിച്ചിരുന്ന സഹായം ആ തോതിൽ ലഭിക്കാതിരുന്നതും കമ്മി വർദ്ധിക്കാൻ കാരണമായി.

(ഡി) നടപ്പു നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ധനകാര്യ ഉത്തരവാദിത്ത ബിൽ പ്രകാരം 2007 മാർച്ച് മാസത്തോടെ റവന്യൂക്കമ്മി ഇല്ലാതാക്കാനും ധനക്കമ്മി എസ്.ഡി.പി.-യുടെ 1.5% ആയി നിജപ്പെടുത്താനും ഉദ്ദേശിക്കുന്നു.

മധുരക്കള്ളിൽനിന്ന് 'കേരസുധ'

*12 [895] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുരക്കള്ളിൽനിന്ന് 'കേരസുധ' എന്ന ആരോഗ്യ പാനീയം വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ആരോഗ്യ പാനീയം വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിലത്തകർച്ചമൂലം കഷ്ടപ്പെടുന്ന കേരകർഷകർക്ക് സഹായകമാകുംവിധം പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ—സി) 2002-03 വർഷത്തെ അബ്കാരി നയത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് 1-10-2002-ലെ ജി.ഒ. നമ്പർ 143/2002/നി.വ. പ്രകാരം കള്ളിൽനിന്നും മധുരക്കള്ളിൽനിന്നും ഉല്പാദിപ്പിക്കാവുന്ന വസ്തുക്കളേയും അവയ്ക്കുള്ള വിപണന സാദ്ധ്യതകളെയുംകുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണർ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെല്ലാം ഈ സമിതിയുടെ പഠനവിഷയത്തിൽപ്പെടുന്നതാണ്. പ്രസ്തുത സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) മേൽപ്പറഞ്ഞ റിപ്പോർട്ട് ലഭിച്ചതിനുശേഷം അവയിലെ നിർദ്ദേശങ്ങൾ പഠിച്ചുമാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

സംസ്ഥാനത്ത് കൃഷി ചെയ്യുന്ന സുഗന്ധവ്യഞ്ജനങ്ങൾ

*13 [896] ശ്രീ. വി. കെ. ചന്ദ്രൻ:
,, മഞ്ഞളാംകുഴി അലി:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാനമായി കൃഷി ചെയ്യുന്ന സുഗന്ധ വ്യഞ്ജനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവ ഓരോന്നും എത്ര ഹെക്ടറിൽ കൃഷി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) മറ്റു സംസ്ഥാനങ്ങളേക്കാളും സംസ്ഥാനത്ത് കൂടുതൽ വളരുന്ന ഈ നാണ്യ വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അവ ഉപയോഗിച്ച് വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് പ്രധാനമായി കൃഷി ചെയ്യുന്ന സുഗന്ധവ്യഞ്ജനങ്ങൾ കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, കറുവപ്പട്ട, ജാതിക്ക എന്നിവയാണ്. അടുത്ത കാലത്തായി വാനിലയും കൃഷി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly